**പത്രകുറിപ്പ്**

# ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പുകൾ പുതുക്കാൻ അവസരം

കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ വിതരണം ചെയ്യുന്ന ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് മുൻ വർഷങ്ങളിൽ അപേക്ഷിച്ചിട്ടുള്ള/അർഹരായിട്ടുള്ള/ലഭിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് തങ്ങളുടെ സ്കോളർഷിപ്പുകൾ തുടർ പഠനത്തിന് പുതുക്കി ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഇപ്പോൾ സമർപ്പിക്കാം. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

- 2012-13 അക്കാദമിക വർഷം ഒന്നാം വർഷ ബിരുദ പഠനത്തിന് സ്കോളർഷിപ്പ് ലഭിച്ചവരും 2016-17 അക്കാദമിക വർഷം രണ്ടാം വർഷ ബിരുദാനന്തര ബിരുദ പഠനം നടത്തുന്നവരുമായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പുതുക്കൽ.
- 2014-15 അക്കാദമിക വർഷം ഒന്നാം വർഷ ബിരുദ പഠനത്തിന് സ്കോളർഷിപ്പ് ലഭിച്ചവരും 2016-17 അക്കാദമിക വർഷം മൂന്നാം വർഷ ബിരുദ പഠനം നടത്തുന്നവരുമായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പുതുക്കൽ.
- 2015-16 അക്കാദമിക വർഷം ഒന്നാം വർഷ ബിരുദ പഠനത്തിന് സ്കോളർഷിപ്പ് ലഭിച്ചവരും 2016-17 അക്കാദമിക വർഷം രണ്ടാം വർഷ ബിരുദ പഠനം നടത്തുന്നവരുമായ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പുതുക്കൽ.

ബിരുദാനന്തര ബിരുദ കോഴ്സിന് പഠിയ്ക്കുന്നവർ ഓഫ് ലൈനായും ബിരുദ കോഴ്സിന് പഠിയ്ക്കുന്നവർ ഓൺലൈനായും വേണം സ്കോളർഷിപ്പ് പുതുക്കലിന് അപേക്ഷിക്കാൻ.

- രണ്ടാം വർഷം പി.ജി സ്കോളർഷിപ്പിന് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾ നിശ്ചിത മാതൃകയിലുള്ള അപേക്ഷകൾ പൂരിപ്പിച്ച് അനുബന്ധരേഖകളോടൊപ്പം **01-02-2017** മുതൽ **15-02-2017** വരെ പഠിയ്ക്കുന്ന കോളേജിലെ പ്രിൻസിപ്പാളിന് (സർവ്വകലാശാലാ ഡിപ്പാർട്ട്മെന്റുകളിൽ പഠിക്കുന്നവർ ബന്ധപ്പെട്ട മേധാവിയ്ക്ക്) സമർപ്പിക്കാവുന്നതാണ്. ഈ അപേക്ഷകൾ ബന്ധപ്പെട്ട പ്രിൻസിപ്പാൾ/മേധാവി പരിശോധിച്ച് അംഗീകരിച്ച് **25-02-2017** ന് മുമ്പായി കൗൺസിലിൽ ലഭിക്കത്തക്കവണ്ണം അയയ്ക്കേണ്ടതാണ്/എത്തിക്കേണ്ടതാണ്.

- രണ്ടും മൂന്നും വർഷ ബിരുദ പഠനത്തിന് സ്കോളർഷിപ്പ് പുതുക്കുന്ന വിദ്യാർത്ഥികൾ ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **15-02-2017** വരെ. അപേക്ഷയുടെ പ്രിന്റ് ഔട്ടും അനുബന്ധരേഖകളും കോളേജ് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ട അവസാന തീയതി **18-02-2017.** നോഡൽ ഓഫീസർ/ കോളേജ് പ്രിൻസിപ്പാൾ/മേധാവി ഓൺലൈനായി വെരിഫിക്കേഷനും അപ്രൂവലും പൂർത്തിയാക്കേണ്ട അവസാന തീയതി **27-02-2017.** പ്രിൻസിപ്പാൾ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ കൗൺസിലിൽ ലഭിക്കുന്നതിനുള്ള അവസാന തീയതി **04-03-2017.**

അപേക്ഷയുടെ മാതൃകയും വിശദമായ വിജ്ഞാപനങ്ങളും കൗൺസിൽ വെബ്സൈറ്റിൽ (www.kshec.kerala.gov.in) ലഭ്യമാണ്.

തിരുവനന്തപുരം
31/01/2017

**രജിസ്ട്രാർ**